

# കാട്ടുമൈന

( കവിതാസമാഹാരം )

— ഫാദർ വടക്കൻ —

894.8121
JOS

വില: ഒരു രൂപ

For the favour of review.

# കാട്ടുമൈന

(കവിതാസമാഹാരം)

14208

— ഫാദർ വടക്കൻ —

PC Library & Research Center

വില: ഒരു രൂപ

(Malayalam)

KATTUMYNA

Poems

By

Fr. Joseph Vadakkan

First Edition June 1976

Copies: 1000

Printed at

Thozhilali Press, Trichur

Published by

Social Orientation Publishers Ltd., Trichur

Copy right with author

Price: Re. 1-00

894.8121 JOS

# കവിതകൾ


1. കുടിയേററം

2. സ്മരണ

3. ഉല്ലാസയാത്ര

4. പ്രാർത്ഥന

5. പ്രഭാതയൊലി

6. ശാന്തി

7. ഭാരതമാതാവിന്റെ നാട്ട്

# സമർപ്പണം

"കാട്ടുമൈന" എന്ന ഈ കന്നിക്കവിതാസമാഹാരം രണ്ടു് കമ്യൂണിസ്റ്റ് നേതാക്കളുടെ കാല്ക്കൽ ഞാൻ സമർപ്പിക്കുകയാണു്; ഏ. കെ. ജി യുടേയും, കെ. ടി· ജേക്കബ്ബിൻേറയും. ഏ. കെ· ജി., ഇടയ്ക്കിടെ രോഗം മൂർച്ഛിക്കുന്നുണ്ടെങ്കിലും, ഇന്നും സമരമുഖത്തുണ്ടു്. ജേക്കബ്ബ് ഈയിടെ മണ്ണിൽ മറഞ്ഞുകഴിഞ്ഞു· പതിനഞ്ച് കൊല്ലം മുൻപ് മലയോര കൃഷിക്കാരുടെ പ്രശ്നങ്ങളിലേയ്ക്കു് എൻെറ ശ്രദ്ധ തിരിപ്പിച്ച പ്രധാന സുഹൃത്തുക്കളാണിവർ. അന്നവർ എന്നെയേൽപിച്ച 'ജീവശിഖ'യുടെ ജ്വാല, വൈലോപ്പിള്ളിയുടെ ശൈലിയിൽ പറഞ്ഞാൽ അല്പം കരിയോടും പുകയോടുംകൂടി ആളിക്കത്തിയതാണു് 'കുടിയേററം' എന്ന ആദ്യ കവിത.' കാട്ടുമൈന'യുടെ പ്രധാന പാട്ടും ഇതുതന്നെ.

പഠനാർഹമായ ഒരവതാരിക എഴുതിത്തന്ന മഹാകവി വൈലോപ്പിള്ളിയോടു് വലിയ കടപ്പാടാണു് എനിക്കുള്ളതു്. ഈ പുസ്തകത്തിൻെറ പ്രസിദ്ധീകരണവും വിതരണവും ഏറെറടുത്ത സോഷ്യൽ ഓറിയൻേറഷൻ പബ്ലിഷേഴ്സ് ലിമിറ്റഡിലെ പ്രവർത്തകർക്കും എൻെറ കൃതജ്ഞത·

തൃശ്ശൂർ,
26-6-1976.

**ഫാദർ വടക്കൻ.**

# അവതാരിക

അഗ്നിയെ ഏതേതിടത്തു കാണുന്നുവോ അതാതിടത്തെല്ലാം അതിനെ വന്ദിയ്ക്കണമെന്നു് ഒരു വേദവചനമുണ്ടു്. ഫാദർ വടക്കൻ ഒരഗ്നിയാണു്. രാഷ്ട്രീയ-സാമൂഹ്യ-മതതലങ്ങളിൽ ഉജ്ജ്വലമായി കത്തിനില്ക്കുന്ന അദ്ദേഹത്തിൻെറ ബഹുമുഖ പ്രവൎത്തനങ്ങളെ അനുസ്മരിച്ചു കൊണ്ടല്ല ഞാനിതു പറയുന്നതു്. "കാട്ടുമൈന" എന്ന അദ്ദേഹത്തിൻെറ കന്നിക്കവിതാസമാഹാരം വായിച്ച കൂട്ടത്തിൽ കൂടി മാത്രമാണു് ഇതു കുറിയ്ക്കുന്നതു്. മലയാള കവിതാരചനയിൽ തഴക്കവും പഴക്കവുമില്ലെങ്കിലും മഹാനുഭാവനായ ഈ അത്ഭുത മനുഷ്യൻെറ തീനാളം തിളയ്ക്കുന്ന വ്യക്തിത്വം ഈ കവിതകളെ ഉടനീളം ഉദ്ദീപ്തവും ഉദാത്തവും ആക്കിയിട്ടുണ്ടു്.

കൃഷികൎമ്മം, ഈശ്വരഭക്തി എന്നീ രണ്ടിഴകളെ തമ്മിൽ ചേൎത്തു ലയിപ്പിച്ചുകൊണ്ടാണു് ഈ കവിതകളുടെ പോക്കു്.

"വേദങ്ങൾ പോലും കൃഷീശ്വരീ നിന്നുടെ
വേരററ മാഹാത്മ്യം വൎണ്ണിയ്ക്കുന്നു.
അല്ലെങ്കിലങ്ങയെ വാഴ്ത്തിസ്തുതിയ്ക്കുന്ന
ചൊല്ലുയാതൊന്നതേ വേദമാവൂ."

എന്നു് വള്ളത്തോൾ പ്രകീൎത്തിച്ച കൃഷിദേവതയെ ഉൽകൃഷ്ടവേദിയിൽ പ്രതിഷ്ഠിച്ചുകൊണ്ടാണു് ഫാദർ വടക്കൻ ഈ കൃതി എഴുതിയിട്ടുള്ളതു്. വള്ളത്തോൾ മഹാകവി സാധാരണ കൃഷികൎമ്മത്തെയാണു് വൎണ്ണിച്ചതെങ്കിൽ സാഹസികമായി, അപകടകരമായി കൃഷിചെയ്തു ജീവിയ്ക്കുന്ന മലയോര കുടിയേററക്കാരായ മനുഷ്യ വൎഗ്ഗത്തെയാണു് ഈ കവി വിഷയമാക്കിയിട്ടുള്ളതു്.

"പുലരിതൊട്ടങ്ങു് കുന്താലിയാൽ കാവ്യങ്ങൾ
പകലന്തിയോളം കുറിച്ചിടുന്ന
പ്രതിഭാ വിലാസത്തിൻ പ്രതിരൂപമല്ലയോ
ഗതികെട്ട ചേട്ടന്മാർ കുടിയേററക്കാർ."

ചേട്ടന്മാർ എന്നു പരിഹസിയ്ക്കപ്പെടുന്ന ഈ കുടിയേററക്കാരുടെ ജീവിതവും അതിൽനിന്നു കേരള നാട്ടിന്നാകെ കിട്ടുന്ന വിഭവസംഭാവനയും വിലയിരുത്തി അതിലാവേശം കൊള്ളുന്ന കവിയ്ക്കു് ഇവിടത്തെ കവികളോടും ചിലതു പറയാനുണ്ടു്"—

"മലയാള കവികളേ! മലയുടെ പുഴയുടെ
മാദകഗാനങ്ങാം മാററിവെയ്ക്കു
മനുജപ്രയത്നമെന്നാരക്ഷരത്തിൻെറ
മഹനീയസാരം മനസ്സിലാക്കൂ"—ആ പ്രയത്നംതന്നെയാണ്:—
'മെയ്യെൻെറ താലമായ് ഹൃദയം നിവേദ്യമായ്
നെയ്ത്തിരിശ്രണത്തിൻ തീനാളമായ്"— വിഭാവനം ചെയ്ത മലയേററ കർഷകൻ നടത്തുന്ന ഈ ശ്വരപൂജ. ആ സമയത്ത് കർഷകൻ ആചാര്യയതിവര്യനായിത്തീരുന്നു. ഈശ്വരനും അതെല്ലാം കണ്ടു പ്രസാദിയ്ക്കുന്നതായി പ്രസന്നമായ ഏതാനും വരികളിൽ കവി രേഖപ്പെടുത്തുന്നു.

"ഇല്ലായ്മയിൽനിന്നൊരേദനെ സൃഷ്ടിച്ച
കല്യാണപൂരുഷനിതുകണ്ടപ്പോാം
ആമരക്കൊമ്പിലെയാലിലക്കണ്ണനായ്
ആപാദചൂഡം പുളകിതനായ്
ഓടക്കുഴലൂതി കാടിൻെറ മക്കളെ
പാടാൻപഠിപ്പിച്ചുകൊണ്ടിരുന്നു".

മാത്തനും മറിയാമ്മയും കൂടി കാടിനോട് പടവെട്ടി കൃഷിസ്ഥലം തീർക്കുന്നതിനിടയ്ക്ക് കാട്ടാനത്തുമ്പികളെത്താത്ത മാമരക്കവരത്തിൽ ഒരു കുടിൽ കെട്ടിയുണ്ടാക്കുന്നതാണ് സന്ദർഭം. കർഷകരെപ്പററി താത്വികമായ ഒരു കാവ്യം എഴുതുന്നതല്ല, ഒരു കർഷകകുടുംബത്തിൻെറ കഥ പറയുന്നതാണ് ഹൃദയസ്പർശിയാകുക എന്നു ഔചിത്യവേദിയായ ഈ കവി മനസ്സിലാക്കി അതിന്നൊരുമ്പെടുന്നു. ആ കുടുംബത്തിലെ ചൊരുതി, അവരുടെ തീവ്രയത്നം, ദൈവഭക്തി, പരസ്പരസ്നേഹവിശ്വാസം, അന്യോന്യപരിലാളനം, ശുഭാപ്തിവിശ്വാസം, കഴിവുകാം, കഴിവുകേടുകാം എന്നിതെല്ലാം എന്തൊരു സഹാനുഭൂതിയോടെയാണ് ഈ പുരോഹിതൻ ചിത്രീകരിക്കുന്നതു്. നിത്യബ്രഹ്മചാരിയായ ഈ പുരോഹിത കവി ആവാതെപോയ ദാമ്പത്യത്തിൻെറ അഗാധമായ സ്നേഹപ്രകർഷം ഈ കുടുംബത്തിലും കൊച്ചുമക്കളിലും ചൊരിയുന്നത് എത്ര ഹൃദയസ്പൃക്കായിരിക്കുന്നു! പക്ഷെ ആ കുടുംബത്തിൽ ഈ സുഖസംതൃപ്തികാം നീണ്ടുനി

ല്ലുന്നില്ല. മാത്തൻ അകലെ മലയോരത്തിൽ കാട്ടുവെട്ടി പുതിയ കൃഷിയിറക്കാൻപോയ സന്ദർഭത്തിൽ ഒരു കാട്ടാനവന്നു് കാലുമെല്ലെ ഉയർത്തിവെച്ച് തുമ്പിക്കൈകൊണ്ടെത്തിപ്പിടിച്ചു ആ മാടപ്പുര വലിച്ചു താഴത്തിട്ട് മറിയാമ്മയേയും പിഞ്ചുകുട്ടികളേയും ചവുട്ടിയരച്ചു. മാത്തൻ മടങ്ങിവന്നപ്പോഠം ആ രംഗം കണ്ടു തളർന്നു മൂർച്ഛിച്ചിരുന്നുപോയി. നേരം വെളുത്തപ്പോഠം മാനന്തവാടിച്ചന്തയിലേയ്ക്കു കൊട്ടക്കവാങ്ങലിന്നുപോകുന്ന കേളനും അവൻെറ പെണ്ണാളായ കോതയും ഇതുകണ്ടു കാര്യം തിരക്കി കനിവോടുകൂടി ഒരു കൈ താങ്ങുവാൻ തയ്യാറായി. കൂപ്പിൽ പണിയുന്ന മുസ്ലീം യുവാവായ വാപ്പുട്ടിയും അവിടെയെത്തിച്ചേർന്നു. എല്ലാവരുംകൂടി മരത്തിന്നിലകൊണ്ടും മലർകൊണ്ടും ശവമഞ്ചം തയ്യാറാക്കി ഒരൊറ്റ കുഴിയിൽ മൂന്നു മൃതശരീരങ്ങളേയും മറവുചെയ്തു.

ഈ സന്ദർഭത്തിൽ ഈ പുരോഹിത കവിയുടെ വിപ്ലവവീര്യം തുളുമ്പുന്ന ആത്മാവ് ഒന്നു പൊട്ടിത്തെറിയ്ക്കുന്നുണ്ടു്:—

"മുടിയൻ ജനദ്രോഹി ധനികൻ മരിയ്ക്കുമ്പോഠം
ദ്ധടുതിയിൽ ചെന്നെത്തും വൈദികരേ!
അമലമനോഹരർ പിഞ്ചുകുഞ്ഞുങ്ങളും
അവരുടെ അമ്മയും മൃതരായപ്പോഠം
തെമ്മാടിക്കുഴിപോലും വെഞ്ചരിയ്ക്കാൻ നിങ്ങഠം
തയ്യാറായിച്ചെന്നില്ല നിട്ദ്രയന്മാർ!
മാർബിളിൽ കബറിടം തീർക്കുന്ന മുതലാളി
മാത്രമോ മറലോക പൌരമുഖ്യൻ?"

കവിയുടെ കണ്ണിൽ ജാതിമത ഭേദങ്ങളും സമ്പന്ന ദരിദ്രഭേദങ്ങളും നിരർത്ഥകങ്ങളാണു്. ഒരുമിച്ചു പണിയെടുക്കുന്ന, വിശ്രമാഹ്ലാദം അനുഭവിയ്ക്കുന്ന, ആപത്തിൽ കൂടെപ്പിറപ്പുകളെപ്പോലെ ഓടിയെത്തി ഒന്നിച്ചു കൂടുന്ന, പരസ്പരം ഉപകരിയ്ക്കുന്ന, കണ്ണീർ തുടയ്ക്കുന്ന കേവല മനുഷ്യരാണ് ഭൂമിയുടെ ഭാഗധേയത്തിനും ഈശ്വര വാത്സല്യത്തിനും അർഹതയുള്ള വിശ്വപൌരന്മാർ. ഈ വിശ്വ വിശാലമായ ആശയമാണു് ഈ കവിയെ സാധാരണമേഖലയിൽ

നിന്നു അത്രമേൽ ഉയത്തി നിൎത്തുന്നതു്. അദ്ദേഹം വരച്ചു കാട്ടുന്ന വിഭിന്ന ജാതി തൊഴിലാളികൾക്കു അവരുടെതായ ദുശ്ശീലങ്ങളുമുണ്ടു് എന്നു് തോന്നാം. ഫാദർ വടക്കൻ അതൊന്നും മറച്ചുവെയ്ക്കുന്നില്ല. മരിച്ചുകിടക്കുന്ന ഉറ്റവരുടെ മുമ്പിലിരുന്നു മാത്തൻ കഞ്ചാവു തെറുത്തു വലിച്ചു അതിൻെറ പുകയിൽ സ്വയം ആശ്വസിയ്ക്കാൻ ശ്രമിയ്ക്കുന്നു. വാപ്പുട്ടി:—

"കാലപ്പഴക്കത്താൽ കറയററ കള്ളിൻെറ
കടയാം 'സ്വരക്കനീർ' മോന്തി''നില്ക്കുന്നു

കേളൻ കാട്ടുതേൻ കൂട്ടിക്കലത്തി ആ 'സ്വരക്ക' കുടിച്ചു വീര്യമേററുന്നു. അവശഹൃദയങ്ങൾക്കു ആശ്വാസം പകരുന്ന ഈ വരിപാടിയെ ആരും പഴി പറയരുതു്. ഈ പുരോഹിതൻ അതിനെ ദയാപൂർവ്വം എടുത്തു കാട്ടുന്നു. അങ്ങോളമിങ്ങോളം ഒരു കാല്പനിക കാവ്യമായിട്ടാണു് 'കുടിയേററം' അദ്ദേഹം കൃതിച്ചതെങ്കിലും മലയോരകൃഷിക്കാരുടെ ജീവിതം അടുത്തു കണ്ടറിഞ്ഞ അദ്ദേഹം ഇത്തരം ചില വസ്തുസ്ഥിതികഥനങ്ങൾകൊണ്ടു ഈ കാവ്യത്തിനു യാഥാത്ഥ്യത്തിൻെറ, സത്യസന്ധതയുടെ, കരുത്തും ചന്തവും പകരുന്നു. എന്തെല്ലാം കെട്ട ശീലങ്ങളുണ്ടെങ്കിലും ഇവരെ ഉത്തമ മനുഷ്യരായി കാണാൻ മാത്രമേ മനുഷ്യത്വത്തിൻെറ പ്രവാചകനായ ഈ കവിയ്ക്കു കഴിയുന്നുള്ളു. അദ്ദേഹത്തിനു ക്രിസ്തുവിൻേറയും കൃഷ്ണൻേറയും ബുദ്ധൻേറയും അള്ളാവിൻേറയും ചേരിയിൽപെട്ട മനുഷ്യരെല്ലാം പ്രയത്നത്തിൻെറ ത്യാഗശാലയിൽ ഒത്തുകൂടുന്ന വെറും മനുഷ്യർ മാത്രം. നരവൎഗ്ഗത്തെ മാത്രമേ ഈ കവി നമ്പുന്നുള്ളു.

"നരവൎഗ്ഗം മലയാകെ നിറയുന്ന നാളിലേ
ഗിരിവൎഗ്ഗം ചിരിതൂകി നൃത്തമാടൂ
സാമൂഹ്യ ശാസ്ത്രങ്ങളറിയാത്ത ഞങ്ങൾക്കു
സംയുക്ത ജീവിതമാണു സ്വൎഗ്ഗം.
മലയനീ കേളനും കോതയും തമ്പ്രാനും
മാലോകരൊക്കയും ദൈവമക്കൾ."

തകർന്ന ജീവിതം വീണ്ടും പച്ചപിടിപ്പിയ്ക്കുവാൻ ആയുധധാരിയായി അൎജ്ജുനനെപ്പോലെ മാത്തൻ യാത്രയാകുന്നു.

"കഴിവെട്ടി മൂടുക വേദനകാം
കുതികൊാംക ശക്തിയിലേയ്ക്കു നമ്മാം"— എന്നു മററൊരു കവി പാടിയ ഈരടികാം ഈ സമയത്തു നാം ഓത്തുപോകും. മാത്തനെ അങ്ങനെ അവൻെറ കുരുക്ഷേത്രത്തിലേക്കു വിട്ടു കവി വിരമിക്കുന്നു.

ഈ കാവ്യശില്പങ്ങളിലെ ഭാഷയിൽ അല്ലാല്ലം ഏണും കോണും മുഴയും കണ്ടേയ്ക്കാം. മലയോര കൃഷിക്കെതിരായുള്ള വന നശീകരണവാദത്തിനു മറുപടി പറയുമ്പോാം കവി ഉപയോഗിക്കുന്ന യുക്തികാം കുറെ കടന്നുപോയി എന്നും തോന്നിയേയ്ക്കാം. പക്ഷെ അതെല്ലാം ഈ കവിയുടെ ചൈതന്യാഗ്നിയിലെ കരിയും പുകയും മാത്രമാണു്.

രാജ്യസ്നേഹപരമായും ഈശ്വരഭക്തിപരമായും ഈ കവി രചിച്ചിട്ടുള്ള ഏതാനും ചെറുകവിതകാം കൂടി ഈ പുസ്തകത്തിൽ ചേത്തിട്ടുണ്ടു്. കവിയുടെ മഹാനുഭാവത്വം, സമദർശിത, ഹൃദയശുദ്ധി, ധമ്മരതി എന്നിവയെ വിശദമാക്കുന്നവയാണു് ഈ കൃതികളെല്ലാം. 'കുടിയേററ'വും ഇതരകൃതികളും വായിച്ചുകഴിഞ്ഞപ്പോാം ഈ പുരോഹിത കവിയോടു', ഈ വലിയ മനുഷ്യനോടു് എനിയ്ക്കുതോന്നിയ ആദരമാണു് ഇങ്ങനെ ഒരവതാരികയായി വാർന്നുവീണതു്. ഈ കൃതിയെ മഹാജനസമക്ഷം അവതരിപ്പിയ്ക്കുന്നതിൽ എനിയ്ക്കുതിയായ സന്തോഷമുണ്ടു്. കാവ്യകൃഷിയിൽ ഇദ്ദേഹത്തിൻെറ തൂലിക ഇനിയും പ്രവർത്തിച്ചു് മനുഷ്യമനസ്സിലെ അടിക്കാടുകാം വെട്ടിനീക്കി അനേകം സുമധുരഫലങ്ങാം വിളയിയ്ക്കുമാറാകട്ടെ എന്നു് നമുക്കാശംസിയ്ക്കുക.

എന്നു്,

തൃശ്ശൂർ,
15-6-1976. } വൈലോപ്പിള്ളി ശ്രീധരമേനോൻ.

# കുടിയേററം

മലബാറിൽ മലയോരപ്പെരുവഴികൾ മാത്തനും
മറിയാമ്മയും കൂടി കാടുവെട്ടി.
മരതകകാടതിൽ മഴകൊണ്ടു പുറിയാത്ത
മരമൊന്നവർക്ക് തണലുനൽകി.
ബെത്‌ലഹേം ഗുഹയെന്നോ കാൽവരി മലയെന്നോ
ഭേദചിന്താഗതി തീണ്ടിടാതെ,
കുലവാഴ കൊലമര തരഭേദം കൂടാതെ
കുരിശേന്തി വിജയിച്ച ക്രിസ്തുവിൻെറ
തിരുമുറിവിലൂടെ ചുടുചോരയൊഴുകുന്ന
കുരിശുരൂപം വെച്ച കൊച്ചുകൂട്ടം
അമ്മിയും ചൂലും കയിലും കലങ്ങളും
അമ്മതൻ കല്യാണ *മന്ത്രോടിയും
അപ്പൻെറ താംബൂലത്തൊപ്പിയും ചാക്കിലെ-
ക്കപ്പയുമിളമക്കളും കാത്തിരുന്നു.

* * * * *

മലവാരയിലൊഴുക്കണ്ട്, നഗരാന്തികങ്ങളിൽ
അലയേണ്ട കാട്ടാറു കുളം പൊട്ടി,
പറയുന്നു: "കടലിൽ പതിക്കുവാൻ ഞാനില്ല"
പകരമിവർക്കെൻെറ ജീവരക്തം.
പുലികളെ പൊൻപുള്ളിമാനാക്കി തീർക്കുന്ന
മലകളെയെലികളായ് മാററിടുന്ന,
പുലരിതൊട്ടന്തു കുന്താലിയാൽ കാവ്യങ്ങൾ
പകലന്തിയോളം കുറിച്ചിടുന്ന,
പ്രതിഭാവിലാസത്തിൻ പ്രതിരൂപമല്ലയോ
'ഗതികെട്ട ചേട്ടന്മാർ' കുടിയേററക്കാർ.

* * * * *

---

* കല്യാണവസ്ത്രം

പാഞ്ചായിൽ ഫലഭൂമി പാഴായി, മലബാറി-
ന്നോലായിൽ 'പരദേശ്സർക്കാർ' കേട്ടപ്പോൾ
'തലശ്ശേരി രൂപതാ' പ്രതിഭാസം കണ്ടപ്പോൾ
കലംകുത്തിയൊഴുകി 'കലാപ്രേമികൾ'
അവരിന്നു മലനാട്ടിൻ പുതിയൊരു മാമാങ്കം
അതിധീരം കൊണ്ടാട്ടം പെരുമാക്കന്മാർ.
അളുമ്മൂലമല്ലയോ പെരിയാറും പമ്പയും
അവരെ വടക്കോട്ടൊഴുക്കിവിട്ടു.
മലയാറ്റൂർ മലകളേ! പെരിയാറിന്നലകളേ!
വിളികേട്ടോരാലുവാ ശിവരാത്രിയിൽ
പുഴവാറിപ്പോയാലും പുതുപൂഴി വന്നാലും
മൊഴിയുകിപ്പോവണ്ടാം തൻപുരാണം

* * * * *

പാർപ്പിടം വെച്ചുവാൻ പട്ടകാട്ടിലരയേക്കർ
പാരിടം തീർത്തവൻ നൽകിയപ്പോൾ
ചെടത്തി 'കാടത്തി' കാടപ്പിടക്കിളി
ചേട്ടന്റെ കാതിൽ പറഞ്ഞിതേവം:
"കരളിന്റെ കാമനേ ജീവന്റെ ജീവനേ
ഇങ്ങനെയീയറക്കൊല തുടരരുതേ;
നമ്മളോ നാലുപേർ തമ്പുരാൻ തന്നതോ
നന്മ വിളയുന്ന കന്നിമണ്ണും
വിരമിയ്ക്കുള്ള കയ്യേററം വിരചിക്ക കളിലൊന്നു
വിപിനത്തിൽ വിജനമൃഗാലയത്തിൽ
കുറക്കിടാങ്ങളെ യൊററയ്ക്കോ യൊന്നിച്ചോ
കെട്ടിപ്പിടിച്ചിന്നുറങ്ങണം നാം"

* * * * *

സതിയുടെ സന്മാർഗ്ഗ സദുപദേശങ്ങളാ
പ്പുതിയുടെ കാതിൽ പതിച്ചതില്ല.
"കുഞ്ഞുങ്ങളെ പെററ പെണ്ണല്ലെ നീ കൊച്ചു-
കുടിലൊന്നുകെട്ടി സുഖിച്ചാലും നീ
അരുണോദയങ്ങളേ! യസ്തമയങ്ങളേ!
അത്യുന്നതത്തിലെ ഗോളങ്ങളേ!
പാതിരപ്പാസ്ഥയിൽ താരനിശകളിൽ
പകലോനെ പിന്നിട്ടും പൂംചന്ദ്രനെ
പൂജിച്ചു പൊൻകാസപ്പൂത്തുബലിയർപ്പിക്കും
പൂജാരിയാകും ഞാൻ ചാകുവോളം.
മെയ്യെൻെറ താലമായ് ഹൃദയം നിവേദ്യമായ്
നെയ്ത്തിരി ശരണത്തിൻ തീനാളമായ്
ആംത്താരയെന്ന പദത്തിൻെറ യത്ഥമോ
ആത്മാത്ഥ യാഗപ്രതിരൂപമോ
അല്ലാതെ 'യധികാരത്തിട്ടൂരം' കൂടാതെ
കുറതീർത്ത 'കുബ്ബാന' ചൊല്ലിയെന്നാൽ
ചെയ്യരുതാത്തതു ചെയ്യുന്നതാകുമോ
കയ്യേററമാകുമോ തമ്പുരാനേ?
സർവ്വകലാശാലാ ബിരുദപ്രഗത്ഭരേ!
സർവ്വവുമറിയുന്ന ശാസ്ത്രജ്ഞരേ!
വികസിത വിദ്യതൻ വിശദവക്താക്കളേ
വിവരംതരൂ; ഞങ്ങൾ വികലാക്ഷരർ.
വികസിതരാഷ്ട്രങ്ങൾ വികസ്വരരാഷ്ട്രങ്ങൾ
വികസിക്കാൻ മോഹിക്കും ജനപദങ്ങൾ
കാടുകൾ വെട്ടില്ലേ കടലുകൾ തൂക്കില്ലേ
കുന്നുകുഴികളും സമമാക്കില്ലേ?
അത്യഗാധത്തിലഗമ്യശൃംഗങ്ങളിൽ
അത്യുന്നതങ്ങളാം ഗോളങ്ങളിൽ

ആരാമക്ക യാമൃതത്തെയാലിംഗനം നൽകി
അവരല്ലയവിടത്തെ 'യാര്യവംശ്യർ'?
അവരല്ല മന്നിലപ്രതിരോധ്യന്മാർ!
അവരല്ലയുലകം നയിക്കുന്നവർ?
വിട്ടിലുകളോ, തേക്കിനോ, പന്നനെതുവിനോ,
കാട്ടാനകൾക്കോ, കടുവകൾക്കോ
പുള്ളിമാൻപേടങ്ങളോ നുള്ളലേല്പിക്കാതെ
പുല്ലുകളും മുള്ളുകളും വെട്ടിനീക്കി
കനകം വിളയുന്ന കണ്ടുകളിൻകൃഷി
പുനംകൊത്തി ചെയ്‌വതു വനംകൊള്ളയോ?
കഴൽക്കുപ്പി പറയട്ടെ പേമാരി പെയ്യുവാൻ
കാരണം ചെറുമരം മാത്രമാണോ?
ആറടിതാഴത്തു വാഴുന്ന വാഴതൻ
ആരാമം മഴദേവനന്നതിരാകുമോ?
മലയോ മരങ്ങളോ കാടുകളോ കാണാത്ത
മധ്യധരണ്യാഴി യലകളിൽ
മഴപെയ്തു പെയ്യുന്നു, മഴവീശി കേരളം
പണിചെയ്തു പരശ്ശു ചിരിച്ചിടുന്നു"
മലയാളകവികളേ! മലയുടെ, പുഴയുടെ
മാലക ഗാനങ്ങൾ മാററിവെയ്ക്കുക
മനുജപ്രയത്നമെന്നാകരത്തിന്റെ
മഹനീയസാരം മനസ്സിലാക്കു.
അധ്വാനമത്രെതന്നെ മർത്ത്യന്റെ സ്വർലോക
സിദ്ധിക്കു കാരണം ഭൂതലത്തിൽ
പാടത്തുപകലന്തി പാടുപെടുന്നോരെ
പാറപൊളിക്കും പണിയാളരേ
പരലോക സൽഗതി സുരലോകനിർവൃതി
തൊഴിലാളർ നിങ്ങൾക്കു നൽകി ദൈവം

* * * * *

മലങ്കാട്ടും മാത്തനും പടവെട്ടിപ്പോരവെ
മറിയാമ്മ പണിതീർത്തു മാടപ്പും.
കാട്ടാനത്തുമ്പികളെത്താത്ത മാമര
കവരത്തു കൂടിലൊന്നു പൊന്തിവന്നു.
ഇല്ലായ്മയിൽനിന്നൊരേദനെ സൃഷ്ടിച്ച
കല്യാണപൂരുഷനിതുകണ്ടപ്പോൾ
ആമരക്കൊമ്പിലെയാലിലക്കണ്ണനായ്
ആപാദമൂർദ്ധ പുളകിതനായ്
ഓടക്കുഴലൂതി കാടിന്റെമക്കളെ
പാടാൻ പഠിപ്പിച്ചുകൊണ്ടിരുന്നു!
ആ വേണുഗാനത്തിനാഗോള മുക്തിത
ന്നാലക്തികശക്തിയാരു കണ്ടു?
മിന്നാമിനുങ്ങിന്റെ പിന്നിലെയൊളികണ്ടാൽ,
മന്നോന്റെ പൊന്നാട മോടികണ്ടാൽ
മഹനീയസത്യവും മറുലോകഭാഗ്യവും
മറചെയ്തു വാഴും മതശ്രേഷ്ഠരേ,
മാനവ മോചനം മാരകബോംബിലോ?
മാലാഖ നരകാഗ്നി നാളത്തിലോ?
കാട്ടിൽ മുളംതണ്ടിന്നോട്ടകൾ പാടുന്ന
പാട്ടുകൾ പാഴ്സ്വരം മാത്രമാണോ?

* * * * *

മണ്ണിലും വിണ്ണിലും മുട്ടിയുരുമ്മാതെ
മറിയാമ്മ വിരചിച്ച മന്ദിരത്തിൽ
അമ്മതൻ വിരിമാറിൽ പൊൻമക്കളിരുപേരും—
ജിമ്മിയും ജോസും—കിടന്നുറങ്ങി.
മാത്തനോ കാട്ടിൽ, മറിയാമ്മ വീട്ടിൽ
മക്കളോ 'മമ്മിടെ' മാർത്തടത്തിൽ

മന്നമഞ്ഞുമാറവുള്ള നൂതനകാഴ്ചയാൽ
വന്നമൂത്ത മൈനപോൽ പാട്ടുപാടി
പിടമാൻ പ്രിയംകര പൈതങ്ങളൊത്തിതാ
കുടിലിന്റെ താഴെ തുടങ്ങി നൃത്തം.
ചെന്നായ പായിച്ച കുഞ്ഞാടാമാടത്തിൽ
ചെന്നൊളിക്കാൻ തെല്ലു ചാടിനോക്കി.
മാനത്തെമേനക മറിയാമ്മ വാഴുന്ന
മാളികമാന്തളിർ മുറിയിലെത്തി.

* * * * *

മത്തേഭക്കൊമ്പനൊന്നാമരക്കൊമ്പിലെ
പുത്തൻപുരകണ്ടു തുമ്പിനീട്ടി
ഇല്ലിയോടപ്പുര പൊൻകരിമ്പിൻപുര
ഇങ്ങാരുനിർമ്മിച്ചതീരാത്രിയാൽ?
കാനന കരിവീരൻ കപിപോലെമാവിച്ചു
കാൽനാലു മെല്ലെയുയർത്തിവെച്ചു.
ഇഷ്ടഭോജ്യങ്ങളാൽ വക്കററം തിങ്ങിയ
'വിഷ്ടപ കൊട്ടാരം'' കീഴടക്കി.
ഒററാനയാൽ മറിയാമ്മയും മക്കളും
ഒററച്ചവിട്ടിനു ചമ്മന്തിയായ്.
ആനയെക്കണ്ടപ്പോൾ മേനക മേലോട്ടു
വാനമേഘംവഴിപ്പോയിവേഗം!!

* * * * *

കൊററിയുദിച്ചപ്പോൾ 'കട്ടൻ' കുടിക്കാനും
ഇഷ്ടശിശുക്കളെ മുത്തിടാനും
നൈഷ്ഠിക ബ്രഹ്മചര്യക്കാരെ വെന്നൊന്നു
നമട്ടല്ല ചൊല്ലാനും മാത്തനെത്തി

പിന്നത്തെ രംഗങ്ങൾ, നെഞ്ചകത്തബലകൾ
കിന്നാരക്കരൾതീർത്ത കണ്ണീരുകൾ
വീണുകിടക്കുന്ന വീണതൻ തന്ത്രികൾ
വിരചിച്ച വിശോക ഗീതകങ്ങൾ!
പ്രേയസിയോടൊപ്പം പ്രിയമക്കൾ മൃതരായാൽ
പ്രേമരൂപൻ പിന്നെയെന്തുചെയ്യും.
കരയുക കഷ്ടം, കലമാനിൻ സ്നേഹിതാ,
കരഗതമാക്കുക കരുണാമൃതം!!
നിന്നെ പൂജിക്കുന്ന നെയ്യിലിരുതിരി-
നിലവിളക്കുണ്ടാക്കി നിത്യദീപം
നിറപറ നെന്മണിവീഴാതെ വാഴുന്നു,
കർപ്പൂരം കത്തിക്കലൊശിക്കുന്നു!
പൂക്കളും വാടുന്നു, പൂങ്കുല കൊഴിയുന്നു,
പൂംനെററിക്കളഭം കരിഞ്ഞീടുന്നു.
മറിയാമ്മകൾ, ജിമ്മിജോസുകൾ മണ്ണായാൽ
കുറയാത്ത നിറപറപ്പൊലിയാണു നീ.

* * * * *

മാനംവെളുത്തപ്പോൾ മലയിലെ 'മെഴുകേളൻ'
മാറുമറയ്ക്കാത്ത കോതയൊത്ത്
മറുവാണിഭംവഴി പുകയില വാങ്ങുവാൻ
മാനന്തവാടിക്കു പോയിരുന്നു.
ഒരുകൈയിലൊരു പാളപ്പൊതിയാകും മെഴുകാണു
മറുകൈയിലൊരുകലം കാട്ടുതേനും,
നെറുകയിൽ നെടുനീളൻ ചൂരൽചുമടുമായ്
നെടുകെ നടക്കുന്നു ശുദ്ധശീലൻ.
പിറകിലോ കാതോലതൂങ്ങുന്ന കോതയാൾ
തെരുതെരെ കൽമാല നെഞ്ചിലേന്തി

അരത്താഴെ ഉടമീതെ കരിവണ്ണത്തുണിചുറ്റി
അരയന്നപ്പിടപോൽ നടന്നിരുന്നു.

ആരാരോ കരയുന്നു! കേളനും കോതയും
ആരാഞ്ഞു രോദനസ്ഥാനമപ്പോൾ!

അവസാനം കണ്ടെത്തി 'മൂന്നിന്മേൽ കഞ്ചാന്'
അർപ്പിക്കുമാചാര്യ യതിവര്യനെ

'അടിയങ്ങൾ' ചോദിച്ചു"യെങ്ങനെ തമ്പ്രാനെ
തമ്പുരാനിങ്ങോട്ടു കൊണ്ടുവന്നു.

ഈ മൂന്നു ശവമേതു് കരയാതെ പറയണേ
ഈ ഞങ്ങൾ വനരാജ്യ ജനസേവകർ.

നരവർഗ്ഗം മലയാകെ നിറയുന്നനാളിലേ
ഗിരിവർഗ്ഗം ചിരിതൂകി നൃത്തമാടു.

'സാമൂഹ്യ'ശാസ്ത്രങ്ങളറിയാത്ത ഞങ്ങൾക്കു
സംയുക്തജീവിതമാണു് സ്വർഗ്ഗം.

മലയേതു്? മരുവേതു്? വയലേതു്? കുഴിയേതു്?
മാനവമോചന പ്ലോക്കളത്തിൽ

മലയനീ കേളനും കോതയും തമ്പ്രാനും
മാലോകരൊക്കെയും ദൈവമക്കൾ!!

'ഒരുജാതി യൊരുമത മൊരുദൈവം' നമ്മുടെ-
യൊരുമരനന്നത മൂല്യവാക്യം.

ആദിയുമറുതിയുമില്ലാതെയൊഴുകീടു
മാനദി നമ്മുടെ ഗംഗാജലം!

ഈപ്പുണ്യതീർത്ഥത്തിൽ മുങ്ങികുളിച്ചപ്പോൾ
ബാപ്പുജി മിത്രരക്തസാക്ഷിയായി.

മുഴലോകമോമന കാളിന്ദി ഹിമവാന്റെ
മുടിയിൽനിന്നല്ലോ വിനിർഗ്ഗളിപ്പൂ"

* * * * *

കേളൻെറ 'കഴലൂത്ത്'' തീൎന്നപ്പോൾ കൂപ്പിലെ
കൂലിയാം വാപ്പുട്ടിയോടിയെത്തി.
നെഞ്ചത്തടി'ച്ചള്ളോ'യെന്നു വിളിച്ചവൻ
മയ്യത്തുനോക്കി പ്രതിജ്ഞചെയ്തു
"വാപ്പുട്ടി വാപ്പാടെയുമ്മാടെ മോനെങ്കിൽ
വരുതിവരുത്തും ഞാൻ കൊലയാനയെ"
ഉപബോധവാനായ മാത്തൻെറയാത്മാവിൽ
ഉഗ്രമീ 'സുഗ്രീവ' ശബ്ദമെത്തി.
ഉടനെ തലപൊക്കി തെരുകഞ്ചാവാകണം
ഉണങ്ങിയഇലയിൽ പൊതിഞ്ഞുമാത്തൻ.
തെരുതെരെയതുവലി! കൂടുകൂടെ പുകയൊലി
ചുരുളുകൾ പൊങ്ങുമ്പോൾ പുതുപോർവിളി!!
അതുകേട്ടിട്ടാവേശഭരിതനായ് വാപ്പുട്ടി
യാനയെപ്പോലെയലറവാനായ്
കാലപ്പഴക്കത്താൽ കറയററ കള്ളിൻെറ
കടയാം 'സൊറക്കുനീർ' മോന്തിനിന്നു.
കേളനൊരു മുളക്കുംഭത്തിൽ കാട്ടുതേൻ
കൂട്ടിക്കലൎത്തുന്നു വീര്യമേററാൻ.
മദ്യസാരംതീൎത്ത പുതുപൂരപന്തലിൽ
മദിരാക്ഷി കോതയും പങ്കുചേൎന്നു.
മരണംവരിച്ച പൊൻതാരുകൾ ചീയുമ്പോൾ
ശരണം ശമിക്കാത്ത ലതപോലവെ
പുതുകൂമ്പുനീട്ടുന്നു പുതുപൂവിരിയ്ക്കുന്നു
പുതുപുണ്യവല്ലരി മാത്തനപ്പോൾ.

* * * * *

മൂന്നുമതക്കാരുമൊന്നായി; മൃതരായ
മൂന്നിനുമൊററക്കുഴി കുഴിച്ചു
മലവൎഗ്ഗകന്യ മരത്തിന്നിലകൊണ്ടും
മലർകൊണ്ടും ശവമഞ്ചം സജ്ജമാക്കി
അതുനേരം മാരുതൻ മുളകളിൽ തുളവഴി
'മൃതദേഹ' ശുശ്രൂഷപ്പാട്ടുപാടി.

പാരീസിൽ നോട്ടർഡാം പള്ളിയിൽചെന്നെത്തി
പലകിളി "മണിവാങ്ക് ശംഖു"നാദം!
കത്തനാർ വാപ്പൂട്ടി, കപ്യാരോ കേളനും,
കന്യാസ്ത്രീ കാതോല കോതയാളും!
ഭക്തജനങ്ങളോ കറയൊന്നും തീണ്ടാത്ത
ശക്തപത്രങ്ങൾ മണത്തിടാത്ത
കാട്ടിലെ മുല്ലകൾ ഇടിവെട്ടുകേൾക്കുമ്പോൾ
പെട്ടെന്നു വിരിയും മയിൽപ്പീലികൾ!!
മുടിയൻ ജനദ്രോഹി ധനികൻ മരിയ്ക്കുമ്പോൾ
ധ്ടുതിയിൽ ചെന്നെത്തും വൈദികരേ;
അമലമനോഹരർ പിഞ്ചുകുഞ്ഞുങ്ങളും
അവരുടെയമ്മയും മൃതരായപ്പോൾ
തെമ്മാടിക്കുഴിപോലും വെഞ്ചരിക്കാൻ നിത്യം
തെയ്യാറായ് ചെന്നില്ല, നിർദ്ദയന്മാർ!!
മാർബിളിൽ കമ്പറിടംതീർക്കുന്ന മുതലാളി–
മാത്രമോ മറുലോക പൌരമുഖ്യൻ?
കളിമണ്ണിൽ ചിതലായിത്തീരും തൊഴിലാളി
ഗളഹസ്തനാകുമോ വിധിയാളനാൽ?
മറുപടിപറയണം മതരംഗപുംഗവർ
മനുജവംശത്തിനെ സാക്ഷിയാക്കി
മറിയാമ്മ ജിമ്മികൾ ജോസുകൾ മലകളിൽ
മരണംവരിച്ചല്ലൊ പതിനായിരം
പട്ടക്കുററൻ പള്ളിയും പവിഴസക്രാരിയും
പകരുന്ന സദനം തകർത്തുകൊണ്ടു്
പാവങ്ങൾ തീർക്കുന്ന പാപ്പിടക്കൂരയിൽ
പകലന്തിവാഴുന്നു പരമേശ്വരൻ!!
സ്ഥാപിതതാല്പര്യ സംരക്ഷണംതന്നെ
സ്ഥാപനസഭകൾതൻ ശുദ്ധലക്ഷ്യം
ജന്മി–മുതലാളി–നാടുവാഴിക്കൂട്ടം
ജന്മംകൊടുത്തൊരീ സംവിധാനം
തല്ലിത്തകർക്കാതെ തരമില്ല തമ്പുരാൻ
തെല്ലൊന്നു നമ്മിൽ കനിഞ്ഞുവെന്നാൽ

ധരയാകെത്തറയാക്കി, മാനം ടെറസ്സാക്കി,
വാരിദപ്പാളി മട്ടുപ്പാവാക്കി
ചാരുതാരങ്ങളെ വിദ്യുത്‌വിളക്കാക്കി
ചന്ദ്രനെ മക്കുറി ദീപമാക്കി.

മനുജവർഗ്ഗത്തിനെയൊററക്കൊടിക്കീഴിൽ
മാലാഖമാരാക്കി മാററിടുന്ന
പൊതുദൈവമന്ദിരം പൊന്തുന്ന നാളിലെ
പുതുമതം മധുമതം നാമ്പെടുക്കും.

*   *   *   *   *

ഭാര്യയും മക്കളും മണ്ണിലമന്നപ്പോൾ
കരളൂററി കുന്നൂററി കവിളിലൂടെ
കുറെനേരം കണ്ണീരാൽ പൊലിമിതെ കർഷകൻ
കുഴിയിലെ ഞാററടി തേവിനിന്നു.

അവരെല്ലാം പോയപ്പോൾ, അവൻമാത്രമായപ്പോൾ
ഭാവിസമൂഹാവ ബോധവാനായ്.
മൂവാണ്ടൻമാവിൻെറ തൈയൊന്നു നനവുള്ള
ശവദേഹത്തുമ്പിങ്കൽ താഴ്ത്തിവെച്ചു.

ഉലകത്തിലുടനീളം ഫലപൂർണ്ണപ്പച്ചകൾ
ഉടലെടുപ്പിക്കുന്നയുടയവനെ
അടിമുടി കുമ്പിട്ടു പടുകാടുവെട്ടുവാൻ
'അതിരാത്രഭക്തൻ' നടന്നുപോയി.

*   *   *   *   *

കർമ്മം സദാകർമ്മമതുതന്നെ ധർമ്മമായ്
കരുതുവോൻ ഭഗവാൻെറ സഹസാരഥി
തേരുതെളിക്കുവാൻ ധീരനൊന്നില്ലെങ്കിൽ
വീരാർജ്ജുനൻപോലും ഭീരുവല്ലോ

കൗരവർ കലിപൂണ്ടു വെറിപൂണ്ടു വന്നപ്പോൾ
കാർവർണ്ണകൃഷ്ണനായ് മാറി മാത്തൻ
മലയോരം കണ്ട കുരുക്ഷേത്ര യുദ്ധത്തിൽ
മാത്തനായ് പാർത്ഥൻെറ തേർതെളിപ്പോൻ!!!

# സ്മരണ

മാലിന്യമററമടിതാരഭിസാരികയ്ക്കും
കാരുണ്യമററവദനം കൊലപാതകിയ്ക്കും
കാണിക്കവെച്ച ഗുരുവേ! തവ ദിവ്യഹൃത്തിൽ
കാണുന്നു ഞാൻ ഭുവനമോചനമൂലകങ്ങൾ.

* * * *

കോപിച്ചകാററിലലമാമലപോലെപൊങ്ങി
ക്ഷോഭിച്ചൊരാഴിയുടെമീതെ നാഥൻ
വാവിട്ടുകേണനിജ ശിഷ്യരെ നീണ്ടകൈയാൽ
വാരിപ്പുണർന്നു; കടലും പടവും പ്രശാന്തം!!

* * * *

കേഴുന്നവൃദ്ധവിധവ കരുണാർദ്രനീശോ,
കാണുന്നിതേക തനയന്റെ വിലാപയാത്ര
കാളുന്നനെഞ്ചുമൊട്ടു കണ്ണുനനഞ്ഞു, മഞ്ചം
കൈകൊണ്ടുതൊട്ടു; മകനോയെഴുന്നേററിരുന്നു!

* * * *

അഞ്ചപ്പമങ്ങുമിഴിപൊക്കിയനുഗ്രഹിച്ചു
അയ്യായിരം ജനമതിനാൽ വിശപ്പുതീർത്തു
പന്തിയ്ക്കുപിന്നിലവശിഷ്ട പദാർത്ഥമെല്ലാം
പന്ത്രണ്ടുകൊട്ടകളിലാക്കി നിറച്ചു ശിഷ്യർ.

* * * *

പൊക്കംകുറച്ചയുടയനാഥനെയത്തിയൊന്നി–
ന്നഗ്രത്തിലേറിയൊരുനോക്കു നുകർന്നിടാനായ്
അത്യാർത്തിപൂണ്ട കുറുകുബേരനിൽ–സഖേവൂസിൽ–
അൻപാർന്നുതാഴെ വരുവാനരുളുന്നു ക്രിസ്തു.

* * * *

പേർപെററപീററർ പലമുക്കവരൊത്തുവീശി,
മീനൊററയില്ല കടലമ്മ കനിഞ്ഞതില്ല'
ഗലീലേയനെത്തി വിരൽചൂണ്ടിയടിക്കിലേയ്ക്കു
ശിഷ്യാഗ്രർ വീശിവല, ഹാ! നെടുമത്സ്യമേള !!

*          *          *          *

പാറപ്പുറത്തുപരിപാവന മുട്ടുകുത്തി,
പ്രാണൻ പൊരിഞ്ഞു ചുടുചോര വിയർത്തയേശു
പത്രോസിനോടു പറയുന്നു കുറച്ചുനേരം
പ്രാർത്ഥിയ്ക്കുവാൻ, പ്രഥമ പാപ്പയുറങ്ങിടുന്നു!

*          *          *          *

നൂറായിരം ജെറുസല പുത്രികൾ നോക്കിനില്ക്കേ
വേറോനിയാം വിപദിധീര വിലാപമോടെ
തൂവാലകൊണ്ടു, നിണബിന്ദു നിറഞ്ഞ ദിവ്യ—
പൂവിൻമുഖത്തു മൃദുലചുംബനമേകി നിന്നാൾ!

*          *          *          *

ഹാ! മേരിയോ മരുമരീചികയല്ല തൻെറ
കുഞ്ഞായ യേശുവെ മരസ്ലീവയിൽ നിന്നിറക്കി
മടിയിൽ കിടത്തി ചിതയിൽ സതിയെന്നപോലെ
മനഹോമമായി കദനാഹത വിശ്വമാതാ

*          *          *          *

സൌന്ദര്യമെന്തു കുരുടൎക്കുകൂരിരുട്ടിൽ?
സംഗീതമെന്തു ബധിരർക്കൊരടഞ്ഞ വീട്ടിൽ?
ആജന്മ കുഷ്ഠരുജയാൻ നരകത്തിലാണ്ടോ_
ക്കാനന്ദമെന്തു മുറിവിൽ പുഴുവിങ്ങിടുമ്പോൾ?

*          *          *          *

കുട്ടാളകന്നിടകിൽ മാഴ്കുമിണപ്പിറാവ്
വാടും കടയ്ക്കു മഴ വേറെറാരു രാജമല്ലി
പെയ്യാഴ്ലിൽമാരി, പലമേനി വിളഞ്ഞപാടം
തിയ്യാളിടുംമരു, വിതാണു മനുഷ്യഭാവം.

*  *  *  *

ആകാശവേദിയിൽ വിളക്കുകഠം വെച്ച നാഥാ!
ആരാമമാകെ മലർമെത്ത വിരിച്ച നാഥാ!
എല്ലാമിതാക്കു ഭഗവാൻ വിരചിച്ചുവെച്ചോ
അക്കൂട്ടർ നിന്നെയരനഗ്ന ശരീരനാക്കി.

*  *  *  *

ഗാഗുൽത്തയെന്ന മലയിൽ കുരിശിൽ കിടന്നു
ഗീതോപദേശ മഖിലം മൊഴിയേഴിലാക്കി
ജീവൻവെടിഞ്ഞ ഗുരുവിൻ വിരിനെഞ്ചിലത്രേ
പാവങ്ങഠം കാണ്മു പരിപാലന മോചനങ്ങഠം!

# ഉല്ലാസയാത്ര

"കാശ്മീരിസിംഹവും സിംഹി"യും കേരളം
കാണുവാൻ കൊച്ചിയിൽ വന്നിറങ്ങി;
ഹിമവാൻെറ ഗുഹവിട്ടു സഹ്യൻെറ താഴത്തെ
സമതലസുന്ദരക്ഷിതിയിലെത്തി.
കടലലകായലിൻ കരപല്ലവംകോർത്തു
നടനംനടത്തുന്ന കാഴ്ച കണ്ടു.
അവരതിൽദർശിച്ചു ഭാരതക്ഷോണിതൻ
നവദിവ്യഗംഗാനദിസംഗമം
മഴവില്ലു,ഭാർഗ്ഗവൻ മഴുവീശും മാതൃക
മലനാട്ടിൻമീതെ വരച്ചുനില്പൂ!

അതുകണ്ടു വളയുന്ന പുളയുന്നയാറകൾ
അറബിക്കടൽക്കഴൽ കൂപ്പിടുന്നു!
കല്ലിനും പുല്ലിനും മണ്ണിനും വിണ്ണിനും
തെല്ലുംവിവേചനം കാട്ടിടാതെ,
ജൂതനും സമരിയാക്കാരനും ജീവൻെറ
ജലമേകും കിണറല്ലേയീകേരളം !
കോക്കുന്നുചിങ്ങത്തിൽ തൃക്കാക്കരപ്പനു
കൊത്തുദിണിപ്പൂക്കളും പൂമാലകൾ
അമ്പലമുററത്തെയാമ്പൽകുളംനീന്തി-
യമ്പിളിമുങ്ങിക്കുളിച്ചിടുന്നു !
നെല്ലിൻനിറപറ, തെങ്ങിൻെറ പൂങ്കുല,
പുല്ലിൻെറ പൂക്കളെപ്പൂജപ്പൂര
നിറയുന്നകേരളം കഴുകുന്നുപുഴകളാൽ
കരളിൻെറ കന്മഷക്കരിനിലങ്ങൾ !
അതിഥികൾ പുളകിതഗാത്രരായ് പറയുന്നു:
"ഇതുതന്നെപറുദീസ പാരിടത്തിൽ"

* * * *

ഉടനെപുറപ്പെട്ടവരാദിശങ്കരൻ
ഉടലെടുത്ത തിരുകാലടിയ്ക്കായ്,
അദ്വൈതവേദാന്തമോതിയ ഗുരുവിൻെറ
അതിദിവ്യ 'കാലടി' പൂജിയ്ക്കുവാൻ.
ആഷ്തീർത്ഥങ്ങളെയാകവെ വെല്ലുന്ന
ആലുവാപുഴയുടെ തീരമെത്തി.
ജമുനയിൽ, ഗംഗയിൽ, തപസ്സിൻെറ തപതിയിൽ,
ജന്മസാഫല്യരായ് നൂറവട്ടം
ജനംനടത്തിയോർ-സ്നാനംനടത്തിയോർ-
ഭയഭക്തിവിവശരായ് പെരിയാററിൽ !

* * * *

തെക്കോട്ടുതുക്കനേ യാത്രതിരിച്ചവർ
വക്കലാചാര്യൻെറ നടയിലെത്തി
മത–ജാതിഭേദം സമന്വയംചെയ്യുവാൻ
മലയാളംപ്രസവിച്ച ഗുരുസ്വാമിയെ–
സമത, സ്വയാജ്ജിത ജീവിതശൈലിയിൽ
സവിനയംകാണിച്ച ശ്രീനാണുവെ–
ധ്യാനിച്ചനേരത്തു മനതാരിലൂറിയ
അനുഭൂതിയനുപമമായിരുന്നു.

* * * *

കാലടി–വക്കല ദശ്നവേളയിൽ
കാൽവരിക്രൈസ്തവർ കണ്ടപോലെ,
കാശിയിൽ പൂശിയ കളഭംതുടയ്ക്കാതെ
കപിലവസ്തുകണ്ട ബൌദ്ധർപോലെ,
മെക്കയിൽ–മെദീനയിൽ തീത്ഥാടനംചെയ്തു
"നിസ്കരി"യ്ക്കും നബിഭക്തർപോലെ,
ഉലകംമറന്നവർ, സകലംമറന്നവർ
പലപുണ്യസ്വപ്നങ്ങൾ കണ്ടിരുന്നു.

* * * *

എരുമേലിക്ഷേത്രത്തിലയ്യപ്പസ്വാമിക്ക്
തിരുപേട്ടതുള്ളുന്ന ഹിന്ദുഭക്തർ
വാദ്യഘോഷത്തോടെ, ചന്ദനക്കുടവുമായ്
വാവരെവാഴ്ത്തുവാൻ വന്നിടുന്ന
മുസ്ലീംസഹജരെ മുത്തുന്നമതമൈത്രി
മുഗ്ദ്ധരംഗംതന്നെ പിന്നെലക്ഷ്യം.
അത്തുങ്കൽപള്ളിയിൽ തിരുമുടിക്കെട്ടുക–
ളർപ്പിച്ചേയയ്യപ്പർ തൃപ്തികൊള്ളു
പമ്പയിൽമുങ്ങണം "മോചനം" നേടണം
പതിനെട്ടുരപ്പടിപ്പിന്നിലാക്കി
ശാസ്താവുമുമ്പാകെ സാഷ്ടാംഗം വീഴുവാൻ
ശബരിശൃംഗത്തിങ്കലെത്തീടണം.

* * * *

അദ്ധ്യാത്മപരിപാടിയഖിലം ജയിച്ചപ്പോ-
ളത്യന്തസന്തുഷ്ടചിത്തരായോർ
കോമളശ്യാമളക്കോവളംകണ്ടൊന്നു
കോൾമയിർകൊള്ളുവാൻ നിശ്ചയിച്ചു.
പഞ്ചാരയൂറന്ന പച്ചക്കരിമ്പിൻെറ
പമ്പാനദീതടം നയനാമൃതം !
കോട്ടയം ജെട്ടിയിൽചെന്നതും ടൂറിസ്ററ
ബോട്ടുലഭിച്ചതുമെത്രഭാഗ്യം !
ആഴങ്ങളമൃതിൻെറയുറവയാണെങ്കിലും,
അഭിതലം നവരത്നഖനിയെങ്കിലും,
പട്ടിണിപ്പാവങ്ങൾ മുക്കുന്നപാളയിൽ
കിട്ടുന്നതോ് തനിയുപ്പുവെള്ളം

*   *   *   *

കടലിലുംകരയിലും കുന്നുംകുഴികളും
ഉടലെടുപ്പിക്കുന്നു ശ്രീകോവളം
മലനിര,പിറകേ കടലലയിതുതന്നെ
മലയാളനാടിൻെറ പ്രത്യേകത.
ഉന്മദകുന്നിൻെറ നെഞ്ചിലും കോവളം
ഉടലെടുപ്പിക്കുന്നു നീന്തൽകുളം
കടലമ്മ താങ്ങുന്ന താഴ്മയെക്കാണാതെ
തടിയൊട്ടുമുക്കാലും നഗ്നമാക്കി
"പരദേശരംഭകൾ" തിരമാലഭേദിച്ചു
പരൽമീൻകണക്കെ കളിച്ചിടുന്നു!
മുക്കുവത്തരുണികൾ മുഴുവൻശരീരവും
മൂടുന്ന, പാറുന്ന പഴയൻതുണി
കടലോരക്കാറ്ററ വിടവാങ്ങാൻ തുനിയുമ്പോൾ
തടയുന്നു തമ്പിമാർ, വിനയശീലർ ! !

# പ്രാർത്ഥന

ആകാശദേശത്തെ നാഥാ!
ആത്മജർ ചൊൽവതു കേൾക്കൂ!
അതിദിവ്യം താവക നാമം
അഭിരാമം താഴത്തെ രാജ്യം
അവിടത്തെ മക്കൾക്ക ഭാഗ്യം
അഭിഗമ്യമാക്കണേ താതാ
അനുദിനം നൽകണേ അപ്പം
അരുളേണമേ ലോകശാന്തി
ഞാനെൻെറ വൈരിയെപ്പുൽകാം
നീയെന്നെ പുണരു പിതാവേ!
അമരട്ടെ പാപപരീക്ഷ!
വിരിയട്ടെ പുണ്യപ്രതീക്ഷ!
തുടരെ നിറയട്ടെ മന്നിൽ
തൂമയിൽ സ്നേഹപരാഗം!

# പ്രഭാതായാലി

സത്യസമുദ്രമെ! സ്നേഹസമുജ്ജ്വലാ!
നിത്യത്വനീതിതൻ പൊൻപീഠമേ!
നന്മയ്ക്കുനേത്രമേ തിന്മയ്ക്കുഖഡ്ഗമെ
പാതകപ്പതിർമാററം മെതിവീരനെ
പാതിരക്കാടിതിൽ കൂരിരുൾ വീടിതിൽ
പാലൊളിയമ്പിളിയമ്മാമനേ
കാരുണ്യ പൂർണ്ണനേ! പ്രേമലാവണ്യമേ
പാരിൻെറ പരകോടി മോചകനേ!
പാപികൾ ഞങ്ങൾക്കായ് അരയന്നപ്പൂംതൂവൽ
മണിയറ പണിയുവോനേ.

14208

# ശാന്തി

പാരിതിങ്കൽ ഭാഗ്യമെന്തു്? കമനീയ് കാന്തിയെന്തു്?
മുറിയാത്ത പ്രാപഞ്ചിക പ്രശാന്തിയെന്തു്?
അറിവിനോ അഴകിനോ കഴിവിനോ അളവററ-
അധികാര പ്രതാപത്തിൻ പ്രസരത്തിനോ
പകരുവാൻകഴിയുമോ പതിരററ സമാധാനം
പതറാതെ പകലിലും പാതിരാവിലും ?
മാടമാട്ടെ, മേടയാട്ടെ, പാടമാട്ടെ, പന്തലാട്ടെ,
പഴങ്കഞ്ഞിവെള്ളമാട്ടെ, പായസമാ ട്ടെ,
മനസ്സിൻെറ സമനില മാററമെന്യേ പുലത്തുന്ന
മനുഷ്യരെമാത്രം വൃഥ വിട്ടുമാറുന്നു.
ത്യാഗമല്ലോ താപമുക്തി! തപസ്സല്ലോ വീരഭക്തി!
താഴ്മയല്ലോ തമസ്സിനെത്തകർക്കും ശക്തി!
കക്ഷി സ്വാർത്ഥം, വ്യക്തിസ്വാർത്ഥം, മതജാതിഭക്തസ്വാർത്ഥം,
നിക്ഷിപ്തതാല്പര്യം വിശ്വശാന്തിധ്വംസകം!

# ഭാരതമാതാവിനോടു്

പോയിവരട്ടെ പൊൻമക്കൾ
പൊരുതിവരട്ടെ യോദ്ധാക്കൾ
പുതിയൊരുലോകം വിരചിക്കാൻ
പുളകമണിഞ്ഞോർ നിൻമക്കൾ!
പാടത്തെ,പ്പണിശാലകളെ
പട്ടിണിതീർക്കും പടനിലമായ്
പാപംപോക്കും ബലിമരമായ്
പരിസേവിക്കും പണിയാളർ.
സ്നേഹം ഞങ്ങടെ ചൈതന്യം
ത്യാഗം ഞങ്ങടെയനുഭൂതി
സമതാത്മാവിൽ നിർവൃതിനേടും
സമരഭടന്മാർ ജേതാക്കൾ.

ശുഭം

PC Library & Research Center

# കാട്ടുമൈന

( കവിതാസമാഹാരം )

— ഫാദർ വടക്കൻ —

894.8121
JOS

വില: ഒരു രൂപ

Indic Digital Archive Foundation
gpura.org